LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി കോർപ്പറേഷൻ നേരിട്ട് നിർമ്മിക്കുന്നതിന് നടപടി

44 [1364] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. ഓരോ വർഷവും എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുമെന്നതിനാൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം കോർപ്പറേഷനിൽത്തന്നെ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വാങ്ങിയ പുതിയ ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

	2001-2002	105
17-5-2002	16-5-2003	98
17-5-2003	16-5-2004	579
17-5-2004	6-7-2005	533

ആകെ 1315 ബസ്സുകൾ. ഇതിനുവേണ്ടി 14,058 ലക്ഷം രൂപ ചെലവായി.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ സെൻട്രൽ വർക്ക്ഷോപ്പിൽ ഒരു ബസ് ബോഡി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. യിൽ ബസ് ബോഡി നിർമ്മിക്കുമ്പോൾ അധികച്ചെലവ് വേണ്ടിവരുന്നുവെങ്കിലും നിലവിലുള്ള സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കെ.എസ്.ആർ.ടി.സി.-യിലെ ബോഡി ബിൽഡിംഗ് യൂണിറ്റിൽ ബസ് ബോഡികൾ നിർമ്മിക്കുന്നു.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

45 [1366] *ശ്രീ. യു. സി. രാമൻ:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *സി. മമ്മൂട്ടി:*
„ *കെ. എൻ. എ. ഖാദർ:*
„ *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ പുതുതായി വാങ്ങി;